# നെല്ലറയുടെ ആത്മഹത്യ

ഡോ. പി. എസ്സ്. പണിക്കർ

നെല്ലറയിൽ നിന്നുള്ള കൂട്ട ആത്മഹത്യ വാർത്തകൾക്ക് ഒട്ടും ക്ഷാമമില്ല. കാർഷിക കടങ്ങൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയ 17ൽപ്പരം കൃഷിക്കാർ പാലക്കാട്ട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സഹകരണ ബാങ്കുകളുടെ ചെണ്ടകൊട്ടി അവഹേളനത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്തു. ചിറ്റൂർ താലൂക്കിൽ മാത്രം 19 കോടി രൂപയുടെ കടിശ്ശിക ഉണ്ട്. 11115 കർഷകർക്കെതിരെ ജപ്തി നോട്ടീസ് നൽകി, 7345 പേരുടെ വസ്തുവകകൾ ജപ്തി ചെയ്യൽ ആരംഭിച്ചു കഴിഞ്ഞു. മാനഹാനി മൂലം പിടിച്ചുനിൽക്കാൻ കഴിയാതെ ഇനിയും നിരവധി കർഷകർ ആത്മഹത്യയുടെ മുൾമുനയിലാണിപ്പോൾ.

1997 മുതൽ നടപ്പിലാക്കിവരുന്ന പലിശയും പിഴ പലിശയും ഈടാക്കുന്നത് റദ്ദാക്കിക്കൊണ്ട് സഹകരണ റജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സഹകരണ ബാങ്കുകളും ഭൂപണയ ബാങ്കുകളും അത് പൂഴ്ത്തിവെച്ച് ജപ്തി നടപടികളുമായി മുന്നോട്ട് പോകുകയാണ്. 50,000 രൂപയിൽ താഴെയുള്ള കടങ്ങൾ ഈടാക്കുന്നതിൽ കേന്ദ്രഗവണ്മെന്റും മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ ഗുണവും നമ്മുടെ കർഷകർക്ക് ലഭിക്കുന്നില്ല. സംസ്ഥാനത്ത് ഇപ്പോൾ വെറും 45 ദിവസത്തേക്ക് വേണ്ട നെല്ല് മാത്രമേ ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ. ബാക്കി 320 ദിവസത്തേക്കുള്ള അരി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരണം. സംസ്ഥാനത്തെ നെല്ല് ഉത്പാദനത്തിൽ 75 ശതമാനം പാലക്കാട്ട് ജില്ലയിൽ നിന്നാണ് ലഭിക്കുന്നത്. ഇവിടെയും പ്രതിവർഷം നെല്ലുല്പാദനം കുറഞ്ഞു കൊണ്ടിരിക്കുന്നു. വ്യവസായികളുടെ കോടിക്കണക്കിന് രൂപയുടെ കടം എഴുതിത്തള്ളുമ്പോഴാണ് കൃഷിക്കാരുടെ ഈ ഏതാനും കോടി രൂപ ഈടാക്കുന്നതിന് പ്രാകൃതമായ ജപ്തി നടപടികൾ കൊണ്ടാടുന്നത്. വ്യവസായ മേഖലക്ക് ആയിരം കോടി രൂപയുടെ സൗജന്യങ്ങൾ പ്രഖ്യാപിച്ചപ്പോൾ കാർഷിക മേഖലക്ക് വെറും നൂറു കോടി രൂപ മാത്രം. സംസ്ഥാന കാബിനറ്റിൽ ആവേശപൂർവ്വം വ്യവസായികൾക്കുവേണ്ടി വാദിക്കാനാളുള്ളപ്പോൾ കൃഷിക്കാരുടെ കാര്യം പറയാൻ ആരുമില്ല എന്നുള്ളതാണ് സ്ഥിതി. ജനപ്രതിനിധികളും കർഷകരുടെ കാര്യത്തിൽ മൗനമവലംബിക്കുകയാണ്.

ദേശീയകർഷകസമാജം, ഭരതീയ കിസാൻ സംഘ്, കർഷക സമിതി കോ- ഓർഡിനേഷൻ കമ്മിറ്റി, കർഷക മോർച്ച, കിസാൻ ജനത, മലമ്പുഴ ഡാം സംരക്ഷണ സമിതി, ക്യാറ്റിൽ റോഡ് ക്ലബ്ബ് ഓഫ് ഇന്ത്യ എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ കർഷകർക്കെതിരായ ജപ്തി നടപടികൾക്കെതിരെ പാലക്കാട് ഭൂപണയ ബാങ്കിന് മുന്നിൽ ചെണ്ട കൊട്ടി പ്രതിഷേധിച്ചു. കർഷകർക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾക്ക് പ്രതീകാത്മകമായി ബാങ്ക് ജപ്തി ചെയ്തു. ആഗസ്റ്റ് 29ന് കലക്ടറേറ്റ് മാർച്ചും ധർണ്ണയും നടത്തി.